പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*254 — 15.12.2015 -ലെ മറുപടിയ്ക്ക്

# അക്കാദമിക് സിറ്റി

**ചോദ്യം**

ശ്രീ.കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്കാദമിക് സിറ്റിയുടെ പ്രവർത്തനത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | നിയമനിർമ്മാണത്തിന് വിധേയമായി വിദേശ സർവ്വകലാശാലകളുടെ സഹകരണത്തോടുകൂടി കേരളത്തിൽ അക്കാദമിക് സിറ്റി രൂപീകരിക്കുന്നതിനായുള്ള പ്രക്രിയയ്ക്ക് ആരംഭം കുറിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിൽ പ്രശസ്തമായ വിദേശ സർവ്വകലാശാലകൾക്ക് സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ചേർന്ന് ടിന്നിംഗ് പ്രോഗ്രാം മുഖേന വിദ്യാർത്ഥികൾക്ക് കോഴ്സുകൾ വാഗ്ദാനം ചെയ്യാൻ അവസരമൊരുക്കുക എന്നതാണ് അക്കാദമിക് സിറ്റിയുടെ പ്രധാന ലക്ഷ്യം . ഇതിലൂടെ കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള ഒരു അന്താരാഷ്ട്ര ഹബ്ബായി മാറ്റാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അക്കാദമിക് സിറ്റി രൂപീകരിക്കുന്നതിന്റെ ആദ്യ പടിയായി 2016 ജനുവരി 29,30 തീയതികളിൽ കോവളത്തുവച്ച് ഒരു ആഗോള വിദ്യാഭ്യാസ സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സംഗമത്തിൽ നിന്നും ഉരുതിരിഞ്ഞുവരുന്ന ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും അക്കാദമിക് സിറ്റിയെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുക. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ